LIBRARY ARCHIVES.Kerala Legislative Assembly

ട്രോളിംഗ് നിരോധനം

110 (4445) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺസൂൺകാല ട്രോളിംഗ് നിരോധനംമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ ;

(ബി) ട്രോളിംഗ് നിരോധന കാലയളവിൽ എത്ര ടൺ മത്സ്യം അധികമായി ഉൽപ്പാദിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) മത്സ്യങ്ങളുടെ പ്രജനന കാലമായ ജൂൺ, ജൂലൈ മാസങ്ങളിൽ ട്രോളിംഗ് നിരോധനം നടപ്പിലാക്കുക വഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനാകും എന്നതാണ് ട്രോളിംഗ് നിരോധനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം.

(ബി) ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നതുവഴി മത്സ്യസമ്പത്തിൽ വർദ്ധനവ് ഉണ്ടായി എന്ന് കണ്ടെത്തിയിട്ടുണ്ട്. കൃത്യമായ അളവ് കണക്കാക്കപ്പെട്ടിട്ടില്ല.

കുട്ടനാട് പാക്കേജ്

111 (4446) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽപ്പെടുത്തി ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കുട്ടനാട് പാക്കേജിൽപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

അഡാക്ക് മുഖേന നടപ്പാക്കുന്ന പദ്ധതികൾ :

13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, പൊതുജലാശയങ്ങളിലെ വലവളപ്പുകളിലെ മത്സ്യകൃഷി പദ്ധതി, കൂടുകളിലെ മത്സ്യകൃഷി പദ്ധതി, കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ അഡാക്ക് ആലപ്പുഴ റീജിയണൽ ഓഫീസ് വഴി നടപ്പിലാക്കി വരുന്നു. കൂടാതെ റാണി ചിത്തിര, സമീപ പ്രദേശങ്ങളിലെ കായലുകൾ എന്നിവിടങ്ങളിൽ നടത്തിയ റാഞ്ചിംഗിൽ 17 സൈറ്റുകളിലായി 47,00,000 കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. അഡാക്കിന്റെ നിയന്ത്രണത്തിലുള്ള കൊല്ലം ജില്ലയിലെ ആയിരംതെങ്ങ് ഗവണ്മെന്റ് ഫിഷ് ഫാമിന്റെ നവീകരണവും കരിമീൻ വിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണവും കുട്ടനാട് പാക്കേജ് വഴി നടപ്പിലാക്കുന്നുണ്ട്. മുഹമ്മ പഞ്ചായത്തിൽ ഒരു മത്സ്യസങ്കേതത്തിന്റെ നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്.

ഫിർമ മുഖേന നടപ്പാക്കുന്ന പദ്ധതികൾ :

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുളവാഴ നിർമ്മാർജ്ജനവും ഉപയോഗവും എന്ന പദ്ധതി 20-6-2014 വരെ ഫിർമ നടപ്പിലാക്കിയിരുന്നു. "Establishment of Sanctuaries, Restoration, Ranching and recruitment of Giant Fresh water Prawn and Etroplus" എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. അഡാക്ക് മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ സർവ്വേ ഹാച്ചറിയുടെയും റിയറിംഗ് ടാങ്കുകളുടെയും, ആഫീസ് ബ്ലോക്കുകളുടെയും നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. 63,147 എണ്ണം കരിമീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചു. മറ്റുള്ളവയുടെ വിശദാംശം അനുബന്ധം (എ) ആയി ചേർക്കുന്നു.* ഫിർമ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ കുളവാഴ നിർമ്മാർജ്ജന പദ്ധതി പ്രകാരം കുട്ടനാടൻ പൊതുജലാശയങ്ങളിൽ നിന്ന് 2010-11, 2011-12, 2012-13, 2013-14, 2014-15 (20-6-2014 വരെ) വർഷങ്ങളിൽ കുളവാഴ നിർമ്മാർജ്ജനം ചെയ്തു. 174 വെർമി കംപോസ്റ്റ് യൂണിറ്റും ഒരു ബയോഗ്യാസ് പ്ലാന്റും സ്ഥാപിച്ചു കമരകത്തും നിലംപേരൂരിലും മത്സ്യസങ്കേത നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 47,000 എണ്ണം കരിമീനും 62 ലക്ഷം ആറ്റുകൊഞ്ചും വേമ്പനാട് കായലിൽ നിക്ഷേപിച്ചു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(സി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ അഡാക്ക് മുഖേന നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർക്കുന്നു.* ഫിർമ മുഖേന കളവാഴ നിർമ്മാർജ്ജനവും ഉപയോഗവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കളവാഴ നീക്കംചെയ്യൽ, മണ്ണിര കമ്പോസ്റ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും "Restoration, Ranching and recruitment of Giant Fresh water Prawn and Etroplus" എന്ന പദ്ധതി പ്രകാരം ആറ്റ്കൊഞ്ച് നിക്ഷേപവും നടപ്പിലാക്കിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യ ഉല്പാദനം, മാതൃകാ മത്സ്യകൃഷിയിടങ്ങൾ, നവീന അക്വാകൾച്ചർ

112 (4447) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും മാതൃകാ കൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനും നവീന അക്വാകൾച്ചർ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2014-15 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവച്ചിരുന്നത് ;

(ബി) ഇതിൽ എത്ര തുക ഇതിനായി അനുവദിച്ചു;എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കാനുദ്ദേശിച്ച പദ്ധതികൾ ഏതെല്ലാം ; ഇനിയും നടപ്പിലാക്കാത്തവ ഏതെല്ലാം ?

ഉത്തരം

(എ) ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മാതൃകാ കൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനും നവീന അക്വാകൾച്ചർ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2014-15 വർഷത്തെ ബഡ്ജറ്റിൽ താഴെപ്പറയും പ്രകാരമാണ് തുക വകയിരുത്തിയിരുന്നത്.

1.	ഇന്നവേറ്റീവ് അക്വാകൾച്ചർ പ്രാക്ടീസസ്	- 500 ലക്ഷം
2.	പൊക്കാളി, കയ്പാട് പാടശേഖരങ്ങളിലെ സംയോജിത മത്സ്യ കൃഷി(മത്സ്യചെമ്മീൻ/നെല്ല്)	- 400 ലക്ഷം
3.	മത്സ്യസമൃദ്ധി പദ്ധതി	- 400 ലക്ഷം
4.	പട്ടത കുളത്തിലെ മത്സ്യകൃഷി	- 75 ലക്ഷം
5..	മത്സ്യ കർഷക വികസന ഏജൻസി മുഖാന്തിരം മത്സ്യകൃഷി ചെയ്യുന്നതിന്	- 800 ലക്ഷം
6.	പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ	- 250 ലക്ഷം
	ആകെ	- 2425 ലക്ഷം

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly